LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അടങ്ങിയ 18-9-2017-ലെ സ.ഉ(സാധാ) നമ്പർ 320/17/ ഭ.പൊ.വിവ., 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/20/ ഭ.പൊ.വി.വ. തീയതി എന്നിവ അനുബന്ധം (1*) & (2)* ആയി ചേർത്തിട്ടുണ്ട്.

കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ച അപേക്ഷകൾ

275 (1641) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ എ.പി.എൽ. വിഭാഗത്തിൽനിന്ന് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റാനായി നൽകിയ എത്ര അപേക്ഷകൾ ഇനിയും തീർപ്പ് കല്പിക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ മുൻഗണനേതര വിഭാഗത്തിൽനിന്ന് മുൻഗണനാവിഭാഗത്തിലേയ്ക്ക് മാറ്റാനായി നൽകിയ അപേക്ഷകളിൽ 1323 എണ്ണം തീർപ്പ് കല്പിക്കാനുണ്ട്.

(ബി) ഗുരുതരമായ രോഗത്തെത്തുടർന്ന് ജീവിതപ്രയാസം നേരിടുന്ന കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡായി മാറ്റിക്കിട്ടാൻ ഈ വർഷം ഇതേ ഓഫീസിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഗുരുതരമായ രോഗത്തെത്തുടർന്ന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 164 അപേക്ഷകളും തീർപ്പാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി.പി.എൽ. കാർഡിനുള്ള അപേക്ഷ

276 (1642) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ മുഖാന്തരമാക്കുന്നതിനുള്ള നടപടികൾ NIC-യുടെ സാങ്കേതിക സഹായത്താൽ സ്വീകരിച്ചുവരുന്നു.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ കുടുംബങ്ങളുടെ റേഷൻ കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ

277 (1643) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ., ബി.പി.എൽ. കാർഡുകൾ സംബന്ധിച്ച് നിലവിലുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ്